# അടിച്ചമർത്തപ്പെട്ടവരുടെ ശബ്ദങ്ങൾ

പ്രൊഫ. കെ.ജി. ശങ്കരപ്പിള്ള
പരിഭാഷ : പി.എൻ. ഗോപീകൃഷ്ണൻ

**ദലിത്** എന്നാൽ ഉടഞ്ഞത്, അടിച്ചമർത്തപ്പെട്ടത്, അസ്പൃശ്യമായത്, നിലംപരിശായത്, ചൂഷണം ചെയ്യപ്പെടുന്നത് എന്നാണർത്ഥം. ഇന്ത്യയിലെ ജാതിവ്യവസ്ഥ അസ്പൃശ്യരാക്കിയവരുടെ, ദരിദ്രസമുദായങ്ങളിൽ നിന്നാണ് അവർ വരുന്നത്. ഇന്ത്യൻ ജനസംഖ്യയുടെ 16%ത്തോളം വരും അവരുടെ എണ്ണം.

ശുദ്ധിയുടെയും അശുദ്ധിയുടെയും അടിസ്ഥാനത്തിൽ ആളുകളെ വേർതിരിക്കുന്ന ലജ്ജാകരമായ വ്യവസ്ഥയാണ് 3000 വർഷങ്ങളിലധികമായി ഇന്ത്യയിൽ നിലവിലിരിക്കുന്ന ജാതിവ്യവസ്ഥ. ശുദ്ധതയെന്നാൽ സമ്പന്നർ, വെളുത്തവർ, അശുദ്ധിയെന്നാൽ ദരിദ്രരും ഇരുണ്ടവരും. ആദർശാത്മകതയെപ്പറ്റിയുള്ള ഓരോ ബ്രാഹ്മണ–ഫ്യൂഡൽ സങ്കല്പനങ്ങളിലെല്ലാം സമ്പത്തിന്റെ ഒളിപ്പിച്ചുവെച്ച അധികാരങ്ങൾ കാണാം. ശുദ്ധിയുടേയും സൗന്ദര്യത്തിന്റേയും ആധിപത്യത്തിന്റേയും ആജ്ഞാപനത്തിന്റെയും സുഖങ്ങളുടേയും ഭൗതിക മണ്ഡലവും പണം തന്നെ. സാമൂഹ്യ വിഭജനങ്ങളിൽ പ്രതിഫലിക്കുന്നതും ഈ സാമ്പത്തിക വിഭജനം തന്നെ. പക്ഷെ ജാതിയെന്നത് വംശീയമായ സംജ്ഞയോ സാമ്പത്തികപരമായ സംജ്ഞയോ എന്ന് വ്യക്തമാക്കുന്നുമില്ല. ഇന്ത്യയിലെ വിവിധ വംശങ്ങൾ രക്തത്തിലും സംസ്കാരത്തിലും കൂടിക്കലർന്നതിന് വളരെശേഷമാണ് ജാതിവ്യവസ്ഥ ഉടലെടുത്തതെന്ന് ഡോ. അംബേദ്കർ പറയുന്നു. ജാതിയെന്നാൽ വംശവിഭജനമാണെന്നും ജാതി വൈവിധ്യങ്ങൾ വംശീയ വൈവിധ്യങ്ങളെക്കുറിക്കുന്നു എന്നും വിശ്വസിപ്പിക്കുന്നത് ചരിത്ര യാഥാർത്ഥ്യങ്ങളുടെ മുഴുവനായുള്ള വക്രീകരണമാണ്. അംബേദ്കർ ചോദിക്കുന്നു; ബംഗാളിലെ അസ്പൃശ്യരും മദ്രാസിലെ അസ്പൃശ്യരും തമ്മിൽ എന്ത് ബന്ധമാണുള്ളത്? പഞ്ചാബിലെ ബ്രാഹ്മണനും പഞ്ചാബിലെ ചമറും വംശീയമായി ഒരേ കുലത്തിൽപ്പെടുന്നു. അതുപോലെ മദ്രാസിലെ ബ്രാഹ്മണനും പരിയകളും ജാതിവ്യവസ്ഥ വംശീയവിഭജനങ്ങളെക്കാണിക്കുന്നു. (ജാതിയുടെ ഉച്ചാടനം–ഡോ.അംബേദ്കർ)

ചരിത്രപരമായി ജാതിവ്യവസ്ഥ ഹിന്ദുത്വത്തിന്റെ സാമൂഹ്യപരവും സാംസ്ക്കാരികവുമായ തിന്മയാണ്. പക്ഷെ ഇന്ത്യയിൽ ഈ തിന്മയെ മുസ്ലീങ്ങളും ക്രിസ്ത്യാനികളും സിക്കുകാരും പിന്തുടരുന്നു.

ഭൗതികവും മാനസികവുമായ പീഢനങ്ങൾക്ക് ദളിതുകൾ അടിപ്പെട്ടുകൊണ്ടിരിക്കുന്നു. തങ്ങളുടെ അവകാശങ്ങൾ നേടിയെടുക്കാനുള്ള അവരുടെ ശ്രമങ്ങൾക്കെതിരെ ഉപരിജാതികൾ എതിർപ്പുണ്ടാക്കുന്നു. മിക്കവാറും അവ മനുഷ്യത്വരഹിതമായ പീഡനങ്ങളിലോ, ബലാത്സംഗങ്ങളിലോ, കൂട്ടക്കൊലകളിലോ മറ്റു തരത്തിലുള്ള അക്രമങ്ങളിലോ എത്തിച്ചേരുന്നു.

ദളിതന്റെ യാഥാർത്ഥ്യം ഇന്ന് ഇന്ത്യയിൽ ദേശീയമായി ഉയർത്തിപ്പിടിക്കാവുന്ന ഒരു അഭിമാനവും.

* ഔദ്യോഗിക കണക്കുകളനുസരിച്ച് ഒരു ദശലക്ഷം ദളിതർ പൊതുകക്കൂസുകൾ വൃത്തിയാക്കുകയും ചത്ത മൃഗങ്ങളെ നീക്കം ചെയ്യുകയും ചെയ്യുന്ന തോട്ടികളാണ്.
* 80% ദളിതരും ഗ്രാമപ്രദേശങ്ങളിൽ ജീവിക്കുന്നു. 80% ദളിതരും ഭൂരഹിതരാണ്.
* 60% ദളിതരും താത്ക്കാലിക ജോലികളെ ആശ്രയിച്ചു ജീവിക്കുന്നവരാണ്.
* 37% ദളിതർ മാത്രമാണ് സാക്ഷരർ.
* ഓരോ ദിവസവും മൂന്ന് ദളിത് സ്ത്രീകൾ ബലാത്സംഗം ചെയ്യപ്പെടുന്നു.
* ഏറ്റവും ചുരുങ്ങിയത് ഒരു അക്രമമെങ്കിലും ദളിതർക്കുനേരെ ദിവസവും നടക്കുന്നു.

2001ലെ ജനസംഖ്യ കണക്കനുസരിച്ച് ദളിതരുടെ ജനസംഖ്യ 160 ദശലക്ഷം വരും. അതായത് മൊത്തെ ജനസംഖ്യയുടെ 16% ത്തോളം. ജാതിയാൽ പ്രേരിപ്പിക്കപ്പെട്ട ഗണ്യമായ കുറ്റകൃത്യങ്ങൾക്കും സാമൂഹിക വെറുപ്പുകൾക്കും സ്വതന്ത്ര ഇന്ത്യ സാക്ഷ്യം വഹിച്ചിരിക്കുന്നു, രാജ്യത്തെ നിയമം അതിന് അനുവദിക്കുന്നില്ലെങ്കിൽ പോലും.

മറാത്തിയിൽ ദളിത് എന്നാൽ ഉടഞ്ഞവർ എന്നാണർത്ഥം. ഇത് ആദ്യമായി ഉപയോഗിച്ചത് ജ്യോതി ബാബുപുലെയാണ്. ജീവിതത്തിന്റെ എല്ലാ കാര്യങ്ങളിൽനിന്നും വ്യവസ്ഥാപരമായും സാമൂഹികപരമായും രാഷ്ട്രീയവും സാമ്പത്തികവും സാമൂഹികവും സാംസ്കാരികവുമായ അവകാശങ്ങളിൽനിന്ന് വലിച്ചെറിയപ്പെട്ട ദശലക്ഷക്കണക്കിന് ദളിതരുടെ അവസ്ഥ പ്രതിഫലിപ്പിക്കാൻ, ആ പദത്തെ ജനകീയവൽക്കരിച്ചത് ഡോ. ബി. ആർ. അംബേദ്ക്കറാണ്. പക്ഷേ ദളിതർ ഇപ്പോൾ ആ വാക്കിനെ അവരുടെ സ്വത്വമായി പുനർനിർവ്വചിച്ചിരിക്കുന്നു. ദളിതരെന്നാൽ സമത്വം പ്രയോഗിക്കുന്നവരും, സമത്വത്തിൽ വിശ്വസിക്കുന്നവരും സമത്വത്തിനു വേണ്ടി പൊരുതുന്നവരുമാണ്.

(2)

ദളിത് പ്രസ്ഥാനം എന്നാൽ ആധുനികമായ ഇന്ത്യൻ മതേതര, ജനാധിപത്യ സ്വത്വത്തിന്റെ നിർമ്മിതിയ്ക്കായി പൊരുതുന്ന ഒരു ജാതിവിരുദ്ധ പ്രസ്ഥാനമാണ്.

“ദളിത് സാഹിത്യം” എന്ന് ആദ്യമായി പ്രയോഗിച്ചത് 1958ൽ നടന്ന മഹാരാഷ്ട്രയിലെ ദളിത് സാഹിത്യ സമ്മേളനമാണ്.

ദളിത് സാഹിത്യത്തിന്റെ തുടക്കത്തെക്കുറിച്ച് നിരവധി തരത്തിലുള്ള സിദ്ധാന്തങ്ങളുണ്ട്. മഹാത്മാ4 ഫൂലേയും പ്രൊ. എസ്. എം. മാതേയുമൊക്കെ വിവിധ സിദ്ധാന്തങ്ങൾ പ്രകാരം ദലിത് സാഹിത്യത്തിന്റെ തുടക്കക്കാരായി എണ്ണപ്പെടുന്നു. മേൽപ്പറഞ്ഞ മഹാന്മാരെല്ലാവരും തന്നെ അസ്പൃശ്യരുടെ ഭാവിയെക്കുറിച്ച് ആശങ്കപ്പെട്ടിരുന്നവരാണ്. അവർ സമൂഹത്തിലെ അനീതിക്കെതിരെ പൊരുതി അവരുടെ പ്രബോധനങ്ങളുടേയും ദർശനങ്ങളുടേയും വെളിച്ച

ത്തിൽ സാഹിത്യത്തിന്റെ ഒരു ഭണ്ഡാരം തന്നെ ഉണ്ടായി.

പക്ഷേ, ഡോ. അംബേദ്ക്കർ ഇന്ത്യയിലെ സർഗ്ഗാത്മക മനസ്സുകളെ ഉണർത്തി. അവരെ ദളിതരുടെ സമ്പൂർണ്ണ മോചനത്തിനാവശ്യമായ സാമൂഹ്യ - സാംസ്ക്കാരികമായ ഉണർച്ചയിലേക്ക് ശാക്തീകരിച്ചു.

വ്യത്യസ്തമായ സാമൂഹ്യ- സാംസ്ക്കാരിക ഭാവുകത്വങ്ങളും രാഷ്ട്രീയ-സാമ്പത്തിക വിഭാഗങ്ങളും സഹവസിക്കുന്ന ഒന്നാണ് 'ദളിത് വാദ' ത്തിന്റെ പ്രത്യശാസ്ത്രപരമായ ആവാസവ്യവസ്ഥ. ഹിന്ദു ബൗദ്ധിക പാരമ്പര്യങ്ങളെ ഇത് പൊതുവായി എതിർക്കുന്നു. ജാതിവ്യവസ്ഥയെ പ്രത്യേകിച്ചും. ഇതാണ് ദളിത് വാദത്തിന്റെ കേന്ദ്ര പ്രമേയം എന്നു പയാം.

മഹാരാഷ്ട്രയിലാണ് ആധുനിക ദളിത് സാഹിത്യം തുടങ്ങിവച്ചത്. ഡോ. അംബേദ്ക്കർ ജനിച്ച സംസ്ഥാനത്തിൽ. സാമൂഹ്യ സമത്വത്തിന്റെ ഒരു പുത്തൻ സംസ്കാരം പുടത്തുയർത്തുന്നതിനായി നവ - ബുദ്ധമതത്തിൽപ്പെട്ട കുലീനരുടെ ഒരു കൂട്ടായ പരിശ്രമമായിരുന്നു അത്. സംസ്ക്കാരത്തെക്കുറിച്ചും സാമൂഹ്യ പദവികളെക്കുറിച്ചുമുള്ള പഴയ ഇടുങ്ങിയ സങ്കല്പങ്ങളെ പുതിയ, തുറപ്പിലേക്കു നയിക്കത്തക്ക വിധത്തിൽ വിശാല സാമൂഹ്യ, സാംസ്ക്കാരിക രാഷ്ട്രീയാശയങ്ങൾ കൊണ്ട് ഉന്നയിപ്പിക്കുക എന്നതിലായിരുന്നു അവർ ഊന്നൽ കൊടുത്തത്. ജീവിതത്തേയും മോചനത്തേയും കുറിച്ചുള്ള ഹിന്ദുപാരമ്പര്യ വാദങ്ങളോടുള്ള പ്രതിഷേധപ്രസ്ഥാനമായിരുന്നു അതെന്ന് ഉത്തം ബോയ്ട്ടേയും അനുരാധ ബോയ്ട്ടേയും വിവരിക്കുന്നു. ഒരു പ്രതിഷേധ പ്രസ്ഥാനത്തിന്റെ നിർണ്ണായകത എന്നത് അതിന്റെ ഐക്യവും സംഘസത്തയുമാണ്.

ഒരു വിനിമയ വ്യവസ്ഥ എന്ന നിലയിൽ ദളിത് എഴുത്തുകാരുടെയും ദളിത് ബുദ്ധിജീവികളുടേയും വ്യത്യസ്ത വിഭാഗങ്ങൾക്ക് ഇടപെടാൻ പറ്റുംവിധം ഈ ദിശയിൽ ചില സഹായ സംഘടനകൾ ദളിത് സാഹിത്യം ആവിഷ്ക്കരിക്കുകയുണ്ടായി. ദളിത് സാഹിത്യം അടിച്ചമർത്തപ്പെട്ടവരേയും അസ്പൃശ്യരേയും ഇരകളേയും അടിച്ചമർത്തുന്നവരേയും നേരിടുന്ന ഒന്നാണ്.

"ഞങ്ങൾ എഴുതുന്നത് അസ്പൃശ്യർമാത്രം വായിക്കണം എന്ന് ആഗ്രഹിച്ചല്ല. സ്പർശ്യ യോഗ്യരും ഞങ്ങളുടെ എഴുത്തുകൾ വായിക്കണമെന്ന് ഞങ്ങളുടെ എഴുത്തുകാർ കരുതുന്നു." (റാവു സാഹേ ബ് കസ്ബേയും "ദളിത് സാഹിത്യത്തിന്റെ ചില പ്രശ്നങ്ങൾ" എന്ന പ്രബന്ധത്തിൽനിന്ന്)

ദളിത് കവിത പ്രചരിക്കപ്പെട്ടത്പ്രധാനമായും ലിറ്റിൽ മാഗസിനുകളിലൂടെയും പോസ്റ്ററുകളിലൂടെയും സർഗ്ഗാത്മക കൂട്ടായ്മകളിലൂടെയുമാണ്.

ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലെ സമാനമനസ്ക്കർ ഈ പ്രസ്ഥാനത്തിന്റെ വിമോചനോന്മുഖതയോടും നേരിട്ടു പറയുന്ന ശക്തിയുള്ള ആഖ്യാനരീതിയോടും വിസ്ഫോടനശക്തിയുള്ള ബിംബാവലിയോടും ആകൃഷ്ടരാവുകയുണ്ടായി. നാരായൺ സുർവ്വെ, നാം ദേവ് തസാൽ, ദയാ പവാർ, അരുൺ കാംബ്ലേ, ജോസഫ് വക്വാൻ, ശരൺ കുമാർ ലിംബാലേ, അരുൺ സാംഗ്ലേ തുടങ്ങി നിരവധി കവികൾ അറുപതുകളിലും എഴുപതുകളിലുമായി ഉയിർത്തു വരികയുണ്ടായി. കീഴ്ത്തട്ടിലെ കീഴ്ജാതികൾക്കുള്ളിലെ ജീവിതവും പോരാട്ടങ്ങളും അവർ വരച്ചുകാണിച്ചു. തീർച്ചയായും ആധുനിക ഇന്ത്യൻ സാഹിത്യത്തിൽ മഹത്തായ പ്രാമുഖ്യം വഹിക്കുന്ന ഒന്നാണ് ദളിത് കവിത. പോസ്റ്റ് കൊളോണിയൽ ഇന്ത്യയിലെ നിരവധി സാമൂഹ്യ- സാംസ്ക്കാരിക മുന്നേറ്റങ്ങളേയും പാരിസ്ഥിതിക മുന്നേറ്റങ്ങളേയും സമാഹരിക്കാൻ അതിനുകഴിഞ്ഞു. ഇപ്പോഴും അത് ശക്തിമത്തായ ഒന്നാണ്. അതിന്റെ ചില ശ്രോതാക്കളെ ഇന്ത്യയിലെ ഭരണ വർഗ്ഗവും ഭരണവർഗ്ഗപാർട്ടികളും തട്ടിയെടുത്തെങ്കിൽ കൂടിയും.

(ഹോംങ്കോംഗിലെ ഹ്യൂമൺ റൈറ്റ് കൾച്ചർ എന്ന വാർത്താപത്രികയിൽ ഇന്ത്യയിലെ ദളിത് അവസ്ഥയേയും ദളിത് സാഹിത്യത്തേയും പരിചയപ്പെടുത്താൻ ഉദ്ദേശിച്ചെഴുതിയ കുറിപ്പിന്റെ പരിഭാഷ.)

*വാരിയം ലെയിൻ, തൃശൂർ*

## ആദിവാസിഭൂമി അന്യാധീനപ്പെട്ടത് എങ്ങനെ?

സുചിത്ര എം.

**1975**ലെ ആദിവാസിഭൂമിനിയമം കൃത്യമായി നടപ്പിലായാൽപോലും ആദിവാസികളിൽ ഒരു ചെറിയ വിഭാഗത്തിനു മാത്രമേ അതുകൊണ്ട് ഗുണമുണ്ടാകുകയുള്ളൂ. അവകാശരേഖകൾ കൈവശമില്ലാത്ത പണിയരെപ്പോലെ ആദിവാസികളിൽത്തന്നെ പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് ഒരിഞ്ചു ഭൂമി പോലും ലഭിക്കുകയില്ല. ഭൂരഹിതരായ എല്ലാ ആദിവാസികൾക്കും ഭൂമി ലഭിക്കണമെങ്കിൽ മറ്റുവഴികൾ വേണ്ടിവരും. 1975 മാർച്ച് 31ന് കേരളസർക്കാർ അംഗീകരിച്ച ടി. മാധവമേനോന്റെ നേതോത്വത്തിലുള്ള നിക്ഷിപ്ത വനസമിതിയുടെ ശുപാർശകൾ ഇതുവരെ നടപ്പിലാക്കിയിട്ടില്ല. സമിതിയുടെ ശുപാർശയനുസരിച്ച് 23000 ഹെക്ടർ ഭൂമി ആദിവാസികൾക്ക് ലഭിക്കേണ്ടതാണ്.

1971ൽ സ്വകാര്യവനങ്ങൾ ദേശസാൽക്കരിക്കപ്പെട്ടപ്പോൾ സർക്കാരിൽ നിക്ഷിപ്തമായത് രണ്ട് ലക്ഷത്തോളം ഏക്കർ ഭൂമിയാണ്. ഇതിൽ ഒന്നര ലക്ഷത്തോളം ഏക്കർ ഭൂമിയും നിയമത്തിന്റെ പഴുതുകൾ ഉപയോഗിച്ചും രാഷ്ട്രീയനേതാക്കളെയും ഉദ്യോഗസ്ഥരെയും സ്വാധീനിച്ചും ഭൂവുടമകൾ തിരിച്ചുവാങ്ങുകയും തോട്ടങ്ങളാക്കിമാറ്റുകയുമാണ് ചെയ്തത്.

ഭൂപരിഷ്ക്കരണനിയമത്തേയും സ്വകാര്യ വനദേശസാൽക്കരണ നിയമത്തേയും തോൽപിച്ചുണ്ടാക്കിയ തോട്ടങ്ങൾക്ക് സർക്കാർ ഇതുവരെ പരിധി നിശ്ചയിച്ചിട്ടില്ല. 500- 1000 ഏക്കർ അധികഭൂമിയുള്ള വൻകിടതോട്ടങ്ങൾ വയനാട്ടിലുണ്ട്. സത്യത്തിൽ ആദിവാസിഭൂമികളിൽ ഭൂരിഭാഗവും കൈയ്യടക്കിയിട്ടുള്ളത് സർക്കാരും തോട്ടമുടമകളും വൻകിടകുടിയേറ്റക്കാരും ആണ്. പക്ഷേ ഇതു തെളിയിക്കാൻ ആദിവാസികളുടെ കൈവശം രേഖകളൊന്നുമില്ല. വയനാട്, അട്ടപ്പാടി തുടങ്ങിയ മേഖലകളിൽ ഭൂമി സർവ്വെ നടത്തിയത് വർഷങ്ങൾക്കുമുമ്പാണ്. വൻകിടതോട്ടമുടമകളുടേയും ഭൂവുടമകളുടേയും കൈവശമുള്ള ഭൂമി കൃത്യമായി നിർണ്ണയിക്കാൻ ഒരു സർക്കാരും താൽപ്പര്യം കാണിക്കുന്നില്ല. പണമോ രാഷ്ട്രീയസ്വാധീനമോ ഇല്ലാത്ത ആദിവാസികളെ പ്രീണിപ്പിക്കുന്നതുകൊണ്ട് നേട്ടമൊന്നുമുണ്ടാവില്ല എന്ന് അധികാരത്തിൽ മാറിമാറി വരുന്നവർക്കറിയാം. യു. ഡി. എഫിനായാലും എൽ. ഡി. എഫിനായാലും സമ്പന്ന കർഷകലോബികളെ സന്തോഷിപ്പിക്കാതെ അധികാരത്തിൽ തുടരാൻ ആവുകയുമില്ല.

*കേരളീയം 2003 മാർച്ച് ലക്കം പ്രസിദ്ധീകരിച്ച ലേഖനത്തിൽനിന്നും*